9754
12/10/20

കേരള സർക്കാർ
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി) വകുപ്പ്
**പരിപത്രം**

നം.ഉപ.സി.1/112/19/ഉഭപവ    തിരുവനന്തപുരം, തീയതി 20.08.2019

വിഷയം:- ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്- നിയമനങ്ങൾ പി.എസ്.സിക്ക് വിട്ട കേരള സർക്കാർ അധീനതയിലുള്ള സ്ഥാപനങ്ങളിൽ പി.എസ്.സി മുഖാന്തിരം നിയമനം നടത്തുന്നതിന് വിശേഷാൽ ചട്ടങ്ങൾ (സ്പെഷ്യൽ റൂൾസ്) രൂപീകരിക്കുന്നതും ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതും - സംബന്ധിച്ച്.

സൂചന:- 1) 19.09.2014 ലെ 17482/ഉപസി3/2014/ഉഭപവ നമ്പർ പരിപത്രം
2) 14.07.2014 ലെ 14079/ഉപസി1/2014/ഉഭപവ നമ്പർ പരിപത്രം.
3) 07.10.2017 ലെ ഉപസി1/222/2017/ഉഭപവ നമ്പർ പരിപത്രം.
4) 08.08.2018 ലെ ഉപസി1/208/2017/ഉഭപവ നമ്പർ പരിപത്രം.

നിയമനങ്ങൾ പി.എസ്.സി.ക്കു വിട്ടുകൊടുത്തിട്ടുള്ള വിവിധ കമ്പനി/ബോർഡ്/കോർപ്പറേഷൻ എന്നിവിടങ്ങളിലെ ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ടെന്ന് ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ ഉറപ്പുവരുത്തുവാനും, ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുവാൻ സെക്രട്ടറി തലത്തിൽ ബന്ധപ്പെട്ട സ്ഥാപനമേധാവികൾക്ക് കർശന നിർദ്ദേശം നൽകുവാനും സൂചന (1) സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് നിയമനങ്ങൾ പി.എസ്.സി.യ്ക്ക് വിട്ടുനൽകിയ സ്ഥാപനങ്ങളിൽ പി.എസ്.സി വഴി നിയമനം നടത്തുന്നതിനാവശ്യമായ വിശേഷാൽ ചട്ടങ്ങൾ (സ്പെഷ്യൽ റൂൾസ്) എത്രയും വേഗം രൂപീകരിക്കുവാനും, ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുവാനും വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർക്ക് സൂചന (2) പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

2. എന്നാൽ പി.എസ്.സി വഴി നിയമനം നടത്തുന്നതിന് വിശേഷാൽ ചട്ടങ്ങൾ (സ്പെഷ്യൽ റൂൾസ്) രൂപീകരിക്കുവാനായി സ്ഥാപനങ്ങൾ വളരെയധികം കാലതാമസം വരുത്തുന്നതായും, ഒഴിവുകൾ സമയബന്ധിതമായി പി.എസ്.സിക്ക് റിപ്പോർട്ടുചെയ്യുന്നില്ല എന്നും കാണിച്ച് നിരവധി പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് നിയമനം പി.എസ്. സി ക്ക് വിട്ട സ്ഥാപനങ്ങളിൽ നിയമനം നടത്തുന്നതിനായി വിശേഷാൽ ചട്ടങ്ങൾ (സ്പെഷ്യൽ റൂൾസ്) സമയബന്ധിതമായി രൂപീകരിക്കുവാനും ഒഴിവുകൾ യഥാസമയം പി.എസ്.സിയെ അറിയിക്കുവാനും ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ അടിയന്തര നടപടി സ്വീകരിക്കുവാനും സൂചന (3) പരിപത്രം പ്രകാരം കർശന നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് ബഹു.കേരള നിയമസഭയുടെ ഹർജികൾ സംബന്ധിച്ച സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ നിയമന ചട്ടങ്ങൾ രൂപീകരിക്കാത്ത സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി മുഖേന നടത്തുന്നതിനായി അടിയന്തരമായി നിയമന ചട്ടങ്ങൾ രൂപീകരിക്കാൻ ബന്ധപ്പെട്ട ഭരണവകുപ്പ് സെക്രട്ടറിമാർക്ക് സൂചന(4) പ്രകാരം വീണ്ടും നിർദ്ദേശം നൽകിയിരുന്നു.

3. എന്നാൽ സർക്കാർ നിർദ്ദേശം നൽകിയിട്ടും നിയമനം പി.എസ്.സിക്ക് വിട്ട നിരവധി സ്ഥാപനങ്ങൾ വിശേഷാൽ ചട്ടങ്ങൾ രൂപീകരിക്കാത്തതിനാൽ പി.എസ്.സി മുഖേന നിയമനം നടത്തുവാൻ കഴിയാത്ത സ്ഥിതിയാണ് നിലവിൽ ഉള്ളത് എന്ന് നിരീക്ഷിച്ച ബഹു.കേരള നിയമസഭയുടെ യുവജനകാര്യവും യുവജനക്ഷേമവും സംബന്ധിച്ച സമിതി വിശേഷാൽ ചട്ടങ്ങൾ സമയബന്ധിതമായി രൂപീകരിച്ച് ഒഴിവുകൾ യഥാസമയം പി.എസ്.സിയെ അറിയിക്കുവാനും അതിന്മേൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുവാനും സർക്കാരിനോട് ശിപാർശ ചെയ്തിട്ടുണ്ട്.

4. പി.എസ്.സി മുഖേന പരമാവധി നിയമനം നടത്തുക എന്നത് സർക്കാരിന്റെ ലക്ഷ്യമാണ്. നിരവധി തവണ സർക്കാർ നിർദ്ദേശം നൽകിയിട്ടും യഥാസമയം വിശേഷാൽ ചട്ടങ്ങൾ രൂപീകരിക്കാത്തതും പി.എസ്.സി വഴിയല്ലാതെ മറ്റ് തരത്തിൽ നിയമനങ്ങൾ നടത്തുന്നതും സർക്കാർ വളരെ ഗൗരവമായി കാണുന്നു.

5. മേൽ സാഹചര്യത്തിൽ, നിയമനം പി.എസ്.സിക്ക് വിട്ട സർക്കാർ അധീനതയിലുള്ള സ്ഥാപനങ്ങളിൽ പി.എസ്.സി മുഖേന നിയമനം നടത്തുന്നതിന് വിശേഷാൽ ചട്ടങ്ങൾ അടിയന്തരമായി രൂപീകരിക്കുവാനും ഒഴിവുകൾ യഥാസമയം പി.എസ്.സിയെ അറിയിക്കുവാനും വേണ്ട നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഭരണവകുപ്പ് സെക്രട്ടറിമാരെ ചുമതലപ്പെടുത്തിക്കൊണ്ട് കർശന നിർദ്ദേശം നൽകുന്നു. അതുപോലെ തന്നെ പി.എസ്.സി മുഖേന നിയമനം നടത്തുന്നതിന് സർക്കാർ വകുപ്പുകളിലെ ഏതെങ്കിലും തസ്തികകളിൽ വിശേഷാൽ ചട്ടം രൂപീകരിക്കേണ്ടതുണ്ടെങ്കിൽ അത് സംബന്ധിച്ച പ്രൊപ്പോസൽ വകുപ്പ്മേധാവിയിൽ നിന്നും ലഭ്യമാക്കി ബന്ധപ്പെട്ട ഭരണവകുപ്പ് നടപടിക്രമങ്ങൾ അടിയന്തരമായി പൂർത്തീകരിക്കേണ്ടതാണ്.

6. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന വകുപ്പ്മേധാവികൾ/സ്ഥാപനമേധാവികൾ, ഉദ്യോഗസ്ഥർ എന്നിവർക്കെതിരെ ബന്ധപ്പെട്ട ഭരണവകുപ്പ് സെക്രട്ടറിമാർ കർശന നടപടി സ്വീകരിക്കേണ്ടതും ആയത് ഈ വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

**കെ.ഗോപാലകൃഷ്ണ ഭട്ട്**
**സെക്രട്ടറി**

സെക്രട്ടേറിയറ്റിലെ എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.(ആമുഖ കത്ത് സഹിതം)
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
എല്ലാ വകുപ്പ്/പൊതുമേഖലാ സ്ഥാപന മേധാവികൾക്കും
സെക്രട്ടേറിയറ്റിലെ നിയമം ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്(വിപുലമായ പ്രചരണത്തിന്)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)
നോഡൽ ഓഫീസർ, ഉദ്യോഗസ്ഥഭരണ പരിഷ്കാരവകുപ്പ് (വകുപ്പിന്റെ www.pard.kerala.gov.in എന്ന വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ